**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 344 08.06.2015 ൽ മറുപടിയ്ക്ക്**

**<u>അനധികൃത നിയമനം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി : | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിൽ ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ ജോലി നോക്കിയിരുന്ന മതിയായ യോഗ്യതയില്ലാത്തവർക്ക് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നിയമനം നല്കിയിരുന്നോ ; | (എ) | ഇല്ല . |
| (ബി) | അപ്രകാരം നിയമനം നൽകിയെങ്കിൽ ആയതിന് ഇടയാക്കിയ കാരണങ്ങൾ വിശദമാക്കുമോ; | (ബി) | ബാധകമല്ല . |
| (സി) | ഇത് സംബന്ധിച്ച് ഏതെല്ലാം കോടതികളിൽ കേസുകൾ നിലവിലുണ്ട് ; ആയത് സംബന്ധിച്ച കോടതിവിധികളുടെ വിശദാംശങ്ങൾ എന്തെല്ലാമാണ് ? | (സി) | ടി വിഷയം സംബന്ധിച്ച് ഒരു കോടതിയിലും കേസ്സുകൾ നിലവിലുള്ളതായി അറിവില്ല. എന്നാൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയുടെ പ്രത്യേക ചട്ടങ്ങളിലെ ഭേദഗതിയുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ നമ്പർ. 3033/2013 ആയി നിലനിന്നിരുന്ന പൊതു കേസ്സുകളിൽ 20.10.2014-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ടി പ്രത്യേക ചട്ട ഭേദഗതിയുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ജി.ഒ (എം.എസ്) നമ്പർ 111/2013/ട്രാൻസ് നമ്പർ ഉത്തരവ്, ടി തസ്തികയുടെ പ്രത്യേക ചട്ടങ്ങളിലെ ഭേദഗതിയ്ക്ക് വിധേയമായി നടപ്പിലാക്കാമെന്ന് വിധിച്ചിരുന്നു. ടി പ്രത്യേക ചട്ടങ്ങളിൽ ഭേദഗതി വരാത്ത സാഹചര്യത്തിൽ 11.12.2013 തീയ്യതിയിലെ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ നിയമനം |

| | | | |
|---|---|---|---|
| | | | നൽകിയ ജീവനക്കാരെ അവരുടെ മാതൃതസ്തികയിലേയ്ക്ക് തരം താഴ്ത്തി നിയമിക്കാവുന്നതാണെന്നും ടി ഉത്തരവിൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിഷ്കർഷിച്ചിരുന്നു. ഇതിനെതിരെ അസി. മോട്ടോർ വെഹിക്കിൾസ് ഇൻസപെക്ടർമാരായി നിയമനം ലഭിച്ച ജീവനക്കാർ ബഹു. കേരള ഹൈക്കോടതിയിൽ ഒ.പി. (കെ.എ.റ്റി.) നം.374, 375, 376, 377 ആയി അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. അപ്പീൽ ബഹു. ഹൈക്കോടതി തള്ളിക്കളഞ്ഞതിനെ തുടർന്ന് അവരെ മാതൃതസ്തികയിലേയ്ക്ക് തരം താഴ്ത്തുകയും ചെയ്തിരുന്നു. ടി വിധിക്കെതിരെ അവർ ബഹു. സുപ്രീം കോടതിയിൽ പ്രത്യേകാനുമതി ഹർജി ഫയൽ ചെയ്യുകയുണ്ടായി. ബഹു. സുപ്രീം കോടതിയുടെ SLP നമ്പർ CC 5231-34/15-27.03.2015-ലെ ഉത്തരവ് പ്രകാരം അപ്പീൽ അപേക്ഷകർക്ക് സംസ്ഥാന സർക്കാർ മുമ്പാകെ നിവേദനം നൽകാൻ അനുമതി നൽകുകയും അത് നിയമ പ്രകാരം പരിഗണിക്കാൻ സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു. ബഹു സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പ്രത്യേക ചട്ടങ്ങളിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ